# പതിനാലാം കേരള നിയമസഭ
## പതിഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1053 — 10.06.2019-ൽ മറുപടിക്ക്

## കേരളാ ലേബർ വെൽഫയർ ഫണ്ട്ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.കെ.സി. മമ്മത് കോയ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) കേരളാ ലേബർ വെൽഫയർ ഫണ്ട്ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ബോർഡിൽ നിന്നും തൊഴിലാളികൾക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനു ആവശ്യമായ തുക സ്വരൂപിച്ച് തൊഴിലാളികൾക്കായി ക്ഷേമപ്രവർത്തനങ്ങൾക്ക് സംഘടിപ്പിക്കുക, ഒഴിച്ചുകൂടാനാകാത്ത സാമൂഹിക ആവശ്യങ്ങൾക്ക് വിനിയോഗിക്കുക എന്നിവയാണ് ബോർഡിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.<br>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാക്കുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.<br><br>1. തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്.<br>2. തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്.<br>3. അടിയന്തിരാശ്വാസ പദ്ധതി (മരണാനന്തര സഹായ പദ്ധതി)<br>4. ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളികൾക്കുള്ള ചികിത്സാ സഹായ പദ്ധതി.<br>5. ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.<br>6. ഐ.ടി.ഐ പരിശീലന പദ്ധതി.<br>7. തൊഴിലാളികൾക്കും അവരുടെ |

| | | | |
|---|---|---|---|
| | | | കുടുംബാംഗങ്ങൾക്കും ടൂർ സബ്സിഡി.<br>8. ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം.<br>9. കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി.<br>10. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്.<br>11. കുമിളിയിലെ തൊഴിലാളികളുടെ വിശ്രമ കേന്ദ്രം.<br>12. അന്ധർ, ബധിരർ, മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽ അവിവാഹിതരായ മക്കളുള്ള ക്ഷേമനിധിയിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം.<br>13. വരിക്കാരായ സ്ത്രീ തൊഴിലാളികൾക്ക്/ അവരുടെ പെൺമക്കൾക്ക് വിവാഹ ചെലവിന് നൽകുന്ന ധനസഹായ പദ്ധതി. |
| (ബി) | ഏതൊക്കെ തൊഴിലാളി വിഭാഗങ്ങളാണ് ഈ ക്ഷേമ ബോർഡിന്റെ പരിധിയിൽ വരുന്നതെന്നറിയിക്കാമോ; | (ബി) | (1) 1948 ലെ ഫാക്ടറീസ് നിയമം സെക്ഷൻ 2-എം-ൽ പറയുന്ന തൊഴിലാളികളും സെക്ഷൻ 85 (2)-ൽ പറയുന്ന തൊഴിലാളികളും,<br><br>(2) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിന്റെ സെക്ഷൻ 2 (ജി) യിൽ വരുന്ന തൊഴിലാളികൾ.<br><br>(3) 1951-ലെ പ്ലാന്റേഷൻ നിയമം സെക്ഷൻ 2 (എഫ്) ൽ വരുന്ന തൊഴിലാളികൾ<br><br>(4) 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ. |
| (സി) | കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൊഴിലാളികൾക്ക് ലഭ്യമായ ആനുകൂല്യം ആകെ എത്ര രൂപയാണ് ; | (സി) | 16,61,997/-രൂപ (പതിനാറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) |
| (ഡി) | ഈ സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനച്ചെലവ് ജീവനക്കാരുടെ വേതനം ഉൾപ്പെടെ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന ചെലവ് (ജീവനക്കാരുടെ വേതനം ഉൾപ്പെടെ) ആകെ 2,02,15,402/- രൂപ (ആകെ രണ്ട് കോടി രണ്ട് ലക്ഷത്തി പതിനഞ്ചായിരത്തി നാനൂറ്റി രണ്ട് രൂപ മാത്രം) ആണ്. |

| | |
|---|---|
| (ഇ) ഒരു വർഷം തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളേക്കാൾ കൂടിയ തുക ജീവനക്കാർക്ക് ശമ്പളം നൽകാനായി വേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ എന്നറിയിക്കാമോ? | (ഇ) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിതരാകുന്ന ജീവനക്കാർക്ക് നിശ്ചിത ശമ്പള സ്കെയിൽ അടിസ്ഥാനമാക്കിയാണ് ശമ്പളം നൽകുന്നത്. തൊഴിലാളികൾക്ക് അവർ അടയ്ക്കുന്ന തുകയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്. ആയതിനെ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളവുമായി തുലനം ചെയ്യാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ